# മലയാളം (Malayalam)
# (232)
# നിർദ്ദിഷ്ട പഠന പ്രവർത്തനം

**ആകെ മാർക്ക്: 20**

**കുറിപ്പ്:** (1) എല്ലാ വിഭാഗങ്ങളിലെയും ചോദ്യങ്ങൾക്ക് തന്നിരിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് ഉത്തരമെഴുതണം.

(2) ഉത്തരക്കടലാസിന്റെ ഒന്നാം പുറത്ത് നിങ്ങളുടെ പേര്, റോൾ നമ്പർ, അദ്ധ്യയന കേന്ദ്രത്തിന്റെ പേര്, വിഷയത്തിന്റെ പേര് എന്നിവ എഴുതണം.

I *താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40-60 വാക്കിൽ ഉത്തരമെഴുതുക* *(2 മാർക്ക്)*

1. 'കച്ചട്ടിസ്വാമിയാരുടെ കഥ'യിൽ സഞ്ജയൻ പരോക്ഷമായി ആരെയെല്ലാം പരിഹസിക്കുന്നുണ്ട്? (ആധാരം: പാഠം 2)

2. സ്വാരസ്യം വിശദമാക്കുക:
"ഇടിവെട്ടീടും വണ്ണം വിൽ മുറിഞ്ഞൊച്ച കേട്ടു
നടുങ്ങീ രാജാക്കന്മാരുരഗങ്ങളെപ്പോലെ
മൈഥിലി മയിൽപ്പേടപോലെ സന്തോഷം പൂണ്ടാൾ." (ആധാരം: പാഠം: 7)

II. *താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40-60 വാക്കിൽ ഉത്തരമെഴുതുക* *(2 മാർക്ക്)*

1 തെരുവുപട്ടികളുടെ ശല്യം ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അധികാരികൾക്ക് സമർപ്പിക്കുന്ന അപേക്ഷയുടെ മാതൃക തയ്യാറാക്കുക.

2. ഒരാഴ്ചത്തെ ദിനപ്പത്രം പരിശോധിച്ച് കമ്പോള നിലവാരപ്പട്ടിക തയ്യാറാക്കുക (ആധാരം: പാഠം: 12)

III *താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40-60 വാക്കിൽ ഉത്തരമെഴുതുക* *(2 മാർക്ക്)*

1. ഇന്ത്യയുടെ ഏകത്വത്തിന്റെ സവിശേഷതകൾ, ഏകത്വം പ്രകടമാകുന്ന സന്ദർഭങ്ങൾ - ഇവയെപ്പറ്റി വിശദീകരിക്കുക. (ആധാരം: പാഠം: 26)

2. ആശയവിപുലനം ചെയ്യുക:
"ബന്ധുരകാഞ്ചനക്കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ." (ആധാരം: പാഠം: 17)

IV *താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 100-150 വാക്കിൽ ഉത്തരമെഴുതുക (4 മാർക്ക്)*

1. സ്ത്രീയുടെ ത്യാഗങ്ങളെയും ദുഃഖങ്ങളെയും കുറിച്ച് 'പെങ്ങൾ' എന്ന കവിതയിൽ ഒ.എൻ.വി കുറുപ്പ് നിരത്തുന്ന വസ്തുതകളെപ്പറ്റി ഉപന്യസിക്കുക. (ആധാരം: പാഠം: 18)

2. ശ്രീനാരായണഗുരുവിന്റെ സന്ദേശങ്ങളുടെ ആനുകാലിക പ്രസക്തി പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക (ആധാരം: പാഠം: 23)

V *താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 100-150 വാക്കിൽ ഉത്തരമെഴുതുക (4 മാർക്ക്)*

1. ഗോപികമാരുടെ വിരഹദുഃഖം "പ്രിയനെത്തേടി" എന്ന പാഠഭാഗത്ത് ചെറുശ്ശേരി ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെ? (ആധാരം: പാഠം: 3)

2. കെ.പി. കേശവമേനോന്റെ അഭിപ്രായത്തിൽ കുടുംബജീവിതം ആദർശപൂർണമാക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ? ഇന്നത്തെ സാമൂഹിക സാഹചര്യത്തിൽ ഈ നിർദ്ദേശങ്ങളുടെ പ്രസക്തി ചർച്ച ചെയ്യുക (ആധാരം: പാഠം: 8)

VI *താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 500 വാക്കിൽ കവിയാതെ ഉത്തരമെഴുതുക (6 മാർക്ക്)*

1. 'കേരളത്തിലെ പ്രധാന ദൃശ്യശ്രാവ്യ കലകളുടെ ഉത്പത്തിയും വളർച്ചയും' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു സെമിനാർ സംഘടിപ്പിക്കുക. സെമിനാറിൽ ചർച്ച ചെയ്യപ്പെട്ട ആശയങ്ങൾ ക്രോഡീകരിച്ച് ഒരു പ്രബന്ധം തയ്യാറാക്കുക (ആധാരം: പാഠം: 21)

2. 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന പേര് ലഭിക്കത്തക്കവണ്ണം വളരെ പ്രസിദ്ധമാണ് കേരളത്തിന്റെ പ്രകൃതിസൗന്ദര്യം. ഈ ചൊല്ല് അന്വർത്ഥമാക്കുന്ന രീതിയിലുള്ള കേരളത്തിന്റെ പ്രകൃതിഭംഗിയെക്കുറിച്ച് വിവരണം തയ്യാറാക്കുക.